പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5133 27/06/2019-ൽ മറുപടിയ്ക്ക്

## ആർ.സി.സി.യിലെ മെഡിക്കൽ റിക്കാർഡ്സ് ഓഫീസർമാരുടെ വിവരങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി ) | |
| എ) | ആർ.സി.സി.യിൽ മെഡിക്കൽ റിക്കാർഡ്സ് ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും അവരുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ; ഓരോരുത്തരും എന്നുമുതലാണ് ഈ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതെന്ന് വ്യക്തമാക്കുമോ ; | എ) | ആർ.സി.സി.യിൽ മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ തസ്തികയിൽ 2 പേർ ജോലി ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ചന്ദ്രിക ഡി : മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ I<br>01.04.1987 ൽ ആർ.സി.സി.യിൽ ജോലിയിൽ പ്രവേശിച്ചു. 2006-മുതൽ മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ-I തസ്തികയിൽ ജോലി ചെയ്തുവരുന്നു.<br>2.കെ അനിൽ കുമാർ:മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ II<br>22.02.1991ൽ ആർ.സി.സി.യിൽ ജോലിയിൽ പ്രവേശിച്ചു. 31.01.2016 മുതൽ മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ II തസ്തികയിൽ ജോലി ചെയ്തുവരുന്നു. |
| ബി) | എത്ര കിടക്കകൾ വരെയുള്ള ആശുപത്രിയ്ക്കാണ് ഒരു മെഡിക്കൽ റിക്കാർഡ്സ് ഓഫീസർ ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ ; | ബി) | Indian Public Health Standards (IPHS)- Ministry of Health and Family Welfare Guidelines for District Hospitals പ്രകാരം 200 മുതൽ 300 വരെ കിടക്കകൾ ഉള്ള ആശുപത്രികൾക്കാണ് ഒരു മെഡിക്കൽ റെക്കോർഡ്സ് ഓഫീസർ ആവശ്യമായിട്ടുള്ളത്. |
| സി) | ആർ.സി.സി. യിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം വ്യക്തമാക്കുമോ? | സി) | ആർ.സി.സി.യിൽ 432 കിടക്കകളാണ് ഉള്ളത് |

സെക്ഷൻ ഓഫീസർ